എൻ. എം. ആർ. ജീവനക്കാരുടെ മെമ്മോറാണ്ടം

* 148 [534] **ശ്രീ. ഏ. പി. കുര്യൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റു പി. എച്ച്. ഈ. ഡി., എൻ. എം. ആർ. വക്കേഴ്സ് ഫെഡറേഷൻ ഗവണ്മെൻറിലേക്ക് ചില അടിയന്തിരാവശ്യങ്ങൾ അടങ്ങുന്ന ഒരു മെമ്മോറാണ്ടം നൽകുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെന്താണ്?

ആരോഗ്യമന്ത്രി (**ശ്രീ. ബി. വെല്ലിംഗ്ടൺ**):

(എ) നൽകിയിട്ടുണ്ട്.

(ബി, സി) തീരുമാനമൊന്നും എടുത്തിട്ടില്ല. 21—8—1969-ൽ ഒരു കൂടിയാലോചന നടത്തുന്നതാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പി. എച്ച്. ഇ. ഡി., എൻ. എം. ആർ വർക്കേഴ്സിനു് പ്രധാനമായും അനുവദിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണെന്നു പറയാമോ?

ശ്രീ. ബി. വില്ലിംഗ്ടൺ: നോട്ടീസ് വേണം

മെഡിക്കൽ കോളേജു വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ്

* 149 [535] **ശ്രീ. കെ. ശേഖരൻനായർ:**
,, **പി. എം. അബൂബേക്കർ:**
,, **കെ. മൊയ്തീൻകുട്ടിഹാജി:**
} താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലേയ്ക്കു തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തെ സംബന്ധിച്ച് വല്ല വ്യത്യാസവും ഇപ്പോൾ ഗവണ്മെൻറ് വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ വർഷത്തേക്കാൾ എത്ര എണ്ണമാണ് ഈ വർഷം കുറച്ചിട്ടുള്ളതു്;

(സി) തിരുമല ദേവസ്വം മെഡിക്കൽ കോളേജിലേക്ക് ഈ വർഷം തിരഞ്ഞെടുപ്പ് വേണ്ടെന്നുവച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു്;

(ഇ) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിശ്ചിത യോഗ്യതയില്ലാത്ത വല്ല വിദ്യാർത്ഥികളേയും കഴിഞ്ഞ വർഷം പ്രവേശിപ്പിച്ചിരുന്നുവോ;

(എഫ്) എം. ബി. ബി. എസ്. കോഴ്സിനു് അഡ്മിഷൻ നടത്താത്തതു് ഹൈക്കോർട്ടിൽ നിലവിലിരിക്കുന്ന റിട്ടു ഹർജികൾ തീരുമാനമാകാത്തതു കൊണ്ടാണെങ്കിൽ പ്രസ്തുത ഹർജികൾ വേഗം തീരുമാനിക്കുന്നതിനു് നടപടി സ്വീകരിക്കുമോ;

(ജി) കോടതികളിലെ കാലതാമസംമൂലം വിദ്യാർത്ഥികൾക്ക് സീറ്റുകളും ഗവണ്മെൻറിലേക്ക് ഫീസും നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുമോ?

ആരോഗ്യമന്ത്രി (**ശ്രീ. ബി. വെല്ലിംഗ്ടൺ**): (എ) മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം വ്യത്യാസമൊന്നും വരുത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.
(സി, ഡി) അഡ്മിഷന്റെ കാര്യം പരിഗണിച്ചുവരുന്നു.
(ഇ) 28 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നു.

(എഫ്) സ്വീകരിച്ചിട്ടുണ്ട്.

(ജി) ഗവണ്മെന്റിനെക്കൊണ്ട് കഴിയുന്നതെല്ലാം ചെയ്യുന്നുണ്ട്.

ശ്രീ. കെ. ശേഖരൻനായർ: കഴിഞ്ഞതവണ കേരള ഹൈക്കോടതിയിൽ റിട്ട് പെററീഷനുകൾ തീരുമാനമാകാതെ കിടന്നതുകൊണ്ട് പലർക്കും അഡ്മിഷൻ കിട്ടാതെവന്നിട്ടുണ്ട്. അങ്ങനെ റിട്ട് ഹർജികൾ തീരുമാനമാകാതെ കിടന്നതിന്റെ പേരിൽ എത്രപേർക്ക് അഡ്മീഷൻകിട്ടാതെ വന്നിട്ടുണ്ടെന്നു പറയാൻ തയ്യാറാകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: കേസ്സുകൾ തീരുമാനിക്കപ്പെടാൻ ഇനിയുണ്ട്.

ശ്രീ. പി. എം. അബൂബേക്കർ: ആലപ്പുഴ മെഡിക്കൽ കാളേജീൽ കഴിഞ്ഞ തവണ യോഗ്യതയില്ലാത്ത 25 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഏതടിസ്ഥാനത്തിലാണ് അവർക്ക് പ്രവേശനം നൽകിയതെന്നു പറയാമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ആലപ്പുഴ മെഡിക്കൽ കാളേജിൽ മുമ്പുണ്ടായിരുന്ന മാനേജുമെന്റിന്റെ ഭരണകാലത്ത് ചില സീററുകൾ റിസവ്വ് ചെയ്തിരുന്നു. അങ്ങനെയുള്ള ആളുകൾക്ക് നമ്മുടെ യൂണിവേഴ്സിററി അഞ്ചു ശതമാനം മാർക്ക് റിലാക്സേഷൻ അനുവദിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നടന്നിട്ടുള്ള പ്രവേശനങ്ങളാണ് ഇത്.

ശ്രീ കെ. മൊയ്തീൻകുട്ടിഹാജി:—മുൻപുള്ള ആളുകൾ പൈസ വാങ്ങി സീററ് റിസർവ്വ് ചെയ്തുവച്ചിരുന്നതുകൊണ്ട് ഇപ്പോൾ ശരിയായ ക്വാളിഫിക്കേഷനുള്ള കുട്ടികൾക്ക് വളരെ ബോധപൂർവ്വം അഡ്മിഷൻ നിരസിച്ചിട്ടുണ്ട്. അതുകൊണ്ടാണ് കുറെ കുട്ടികൾ കോടതിവിധി സമ്പാദിക്കുന്നതിനുവേണ്ടി പോയത്. ഈ വസ്തുത പരിഗണിച്ച് ഇനിയും എത്രനാൾ ഈ സംപ്രദായം നിലനിൽക്കുമെന്നു പറയാൻ ദയവുണ്ടാകുമോ? ഇനിയും എത്രനാളത്തേക്ക് പണം വാങ്ങിവച്ചിട്ടുണ്ട്?

ശ്രീ. ബി. വെല്ലിംഗ്ടൺ: സർ, ബഹുമാനപ്പെട്ട മെംബർ പറയുന്നത് ശരിയല്ല. ആലപ്പുഴ മെഡിക്കൽ കോളേജ് ഗവർമ്മെന്റ് ഏറെറടുത്തപ്പോൾ ആ കരാറിൽ ചില വ്യവസ്ഥകളുണ്ടായിരുന്നു. ആ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. യൂണിവേഴ്സിററിയുടെ തീരുമാനത്തിനു വിധേയമായേ ഗവർമ്മെന്റ് പ്രവർത്തിച്ചിട്ടുള്ളു. അതുകൊണ്ടല്ല റിട്ട് പെററീഷൻ ഉണ്ടായിട്ടുള്ളത്.

ശ്രീ കെ. ശേഖരൻനായർ: അനവധി വിദ്യാർത്ഥികൾ അപേക്ഷകന്മാരായി ഉള്ളപ്പോൾ ഹൈക്കോടതിയിലെ റിട്ട് പെററീഷൻസ് തീരുമാനിക്കാത്തതിന്റെ ഫലമായി പല വിദ്യാർത്ഥികൾക്കും സീററ് നഷ്ടപ്പെട്ടിട്ടുണ്ട്. ഇക്കൊല്ലവും അങ്ങനെ വരാൻ സാധ്യതയുള്ളതുകൊണ്ട് അഡ്മിഷൻ നടത്തുന്ന ലാസ്ററ് ഡേററ് ഇന്നതാണെന്നും അതുകൊണ്ട് അതിനുമുൻപ് റിട്ട് ഹർജികളിന്മേൽ തീർപ്പുകല്പിക്കണമെന്നും ഹൈക്കോടതിയോട് അഭ്യർത്ഥിക്കുമോ?

ശ്രീ ബി. വെല്ലിംഗടൺ: റിട്ട് പെററീഷനുകളിന്മേൽ എത്രയുംവേഗം തീർപ്പുകല്പിച്ചുകിട്ടിയാൽക്കൊള്ളാമെന്ന് ആഗ്രഹമുണ്ടെങ്കിലും ഇന്നതീയതിക്കകം തീരുമാനിച്ചുകൊള്ളണമെന്ന് ഹൈക്കോടതിയോട് ആജ്ഞാപിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിവൃത്തിയില്ല.

ശ്രീ കെ. മൊയ്തീൻകുട്ടിഹാജി: മാനേജ്മെന്റുമായി കണ്ടീഷൻസ് ഉണ്ടു് എന്നുള്ള മറ പിടിച്ചുകൊണ്ടു് അർഹരായവർക്കു് അഡ്മിഷൻ കൊടുക്കാതിരിക്കുകയും അനർഹരായവർക്കു് കൊടുക്കുകയും ചെയ്യുന്നുണ്ടു്. ഈ വസ്തുത പരിഗണിച്ചു് ഇതു് ഇനിയും എത്രനാൾ നീണ്ടുനിൽക്കുമെന്നു പറയാമോ? ഇൻഡ്യാഗവർമ്മെന്റിന്റെയും സ്റ്റേറ്റു് ഗവർമ്മെന്റിന്റെയും സാമ്പത്തികസഹായത്തോടുകൂടി നടത്തുന്ന ഈ സ്ഥാപനത്തിന്റെ അഡ്മിഷന്റെ കാര്യം ശരിയായ രീതിയിൽ നടത്താൻ ഗവർമ്മെന്റു് ശ്രമിക്കുമോ?

ശ്രീ ബി. വെല്ലിംഗ്ടൺ: ബഹുമാനപ്പെട്ട മെംബർക്കു് മെഡിക്കൽകോളേജു് അഡ്മിഷനെപ്പററി യാതൊരു ധാരണയും ഇല്ലാത്തതുകൊണ്ടാണെന്നു തോന്നുന്നു ഇങ്ങനെ പറയുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ബഹുമാനപ്പെട്ട മന്ത്രി അഡ്മിഷൻ നടത്തുന്നതിനുവേണ്ടി പൈസ വാങ്ങിച്ചതു്........

Shri Mathai Manjooran: Sir. this is absurd.

ശ്രീ കെ. മൊയ്തീൻകുട്ടിഹാജി: ഇരിയെടാ അവിടെ.

ശ്രീ മത്തായിമാഞ്ഞൂരാൻ: ഇരിയെടാ അവിടെ.

ശ്രീ ബി. വെല്ലിംഗ്ടൺ: അസംബന്ധം പറയുന്നോ ഇരിയെടാ അവിടെ.

(ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള നിരവധി മെംബർമാർ എഴുന്നേററു നിന്നു്, ഇരിയെടാ അവിടെ, നീ ഇരിയെടാ എന്നിങ്ങനെ വിളിച്ചു പറയുകയും ബഹളമുണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്നു)

മി. സ്പീക്കർ: ഓർഡർ, ഓർഡർ

ശ്രീ ബി. വെല്ലിംഗ്ടൺ: സർ, ബഹുമാനപ്പെട്ട ഹാജിയേപ്പോലുള്ള ആളുകൾ ഇത്ര ഉത്തരവാദിത്വമില്ലാതെ........

ശ്രീ ഇ. അഹമ്മദ്: സർ, ഉത്തരവാദിത്വമില്ലെന്നു പറഞ്ഞതു് പിൻവലിക്കണം.

ശ്രീ എൻ. കെ. ശേഷൻ: സർ, ഉത്തരവാദിത്വമില്ലെന്നുപറഞ്ഞതു പിൻവലിക്കണം

ശ്രീ കെ. മൊയ്തീൻകുട്ടിഹാജി: സർ, ഉത്തരവാദിത്വത്തോടുകൂടിയാണു് പറഞ്ഞതു്.

ശ്രീ ബി. വെല്ലിംഗ്ടൺ: സർ, മന്ത്രി രൂപ മേടിച്ചുകൊണ്ടാണു് അഡ്മിഷൻ നടത്തുന്നതു് എന്നുപറഞ്ഞ ബഹുമാനപ്പെട്ട മെംബറെ ഞാൻ വെല്ലുവിളിക്കുകയാണു്. അദ്ദേഹത്തിനു് അഭിമാനമുണ്ടെങ്കിൽ അദ്ദേഹം പറഞ്ഞതു് തെളിയിക്കാൻ ഞാൻ വെല്ലുവിളിക്കുകയാണു്. സർ, ഇതു് സഭയാണെന്നു പറഞ്ഞുകൊണ്ടു്....

മി. സ്പീക്കർ: ഓർഡർ, ഓർഡർ, വാസ്തവം പറഞ്ഞാൽ ഇതൊക്കെ നിയന്ത്രിച്ചുകൊണ്ടുപോകാൻ എനിക്കു് വളരെ ബുദ്ധിമുട്ടുണ്ടു്. ഈ സഭയിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഒന്നും ഇതിനുമുൻപു് ഉണ്ടായിട്ടില്ല. നമ്മെസംബന്ധിച്ചിടത്തോളം അതു വളരെ കുറച്ചിലാണു്. എന്നെ ക്കൊണ്ടു് ആവുംവണ്ണം ഇതൊക്കെ നിയന്ത്രിച്ചുകൊണ്ടു പോകാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഇങ്ങനെ വികാരങ്ങൾ അഴിച്ചു വിടാൻ തുടങ്ങിയാൽ പിന്നീടു് പൂർവ്വസ്ഥിതിയിൽ ആകാൻ സാധിക്കുകയില്ല. ഇതു ഞാൻ സീനിയർ മെംബർമാരോടു പറയേണ്ടയാവശ്യമില്ല. ബഹുമാനപ്പെട്ട മെമ്പർ, ശ്രീ ഹാജി പറഞ്ഞതു് ''ഉത്തരവാദിത്വമില്ലാതെ'' എന്നാണു്

ശ്രീ. ബി. വെല്ലിംഗ്ടൺ: അല്ലസർ, ഞാൻ പണം മേടിച്ചു എന്നാണു് ബഹുമാനപ്പെട്ട ഹാജി പറഞ്ഞതു് അതു പിൻവലിക്കണം......

മി. സ്പീക്കർ: ഓർഡർ, ഓർഡർ: എല്ലാം പിൻവലിക്കണം. ഉത്തരവാദിത്വമില്ലെന്നു പറഞ്ഞതും പിൻവലിക്കണം പണം മേടിച്ചു എന്നു പറഞ്ഞതു് തീർച്ചയായും പിൻവലിക്കണം. അതു് വലിയ ആക്ഷേപമാണു്. അങ്ങനെ ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട മെമ്പറും അതൊന്നു.പിൻവലിച്ചേക്കണം.

ശ്രീ. കെ. എം. ജോർജ്: സർ, ഒരു ബഹുമാനപ്പെട്ട മെമ്പർ ഒരു ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ചു് ഉത്തരവാദിത്വത്തോടുകൂടി എന്തെങ്കിലും ആരോപണം കൊണ്ടുവരികയാണെങ്കിൽ അതു പിൻവലിക്കുക എന്നു പറയുന്നതു് പ്രയാസമാണു്.

ശ്രീ. മത്തായിമാഞ്ഞൂരാൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ......

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഓർഡർ ഓർഡർ.

ശ്രീമതി കെ. ആർ. ഗൗരി: സർ, സാധാരണനിലയിൽ ചോദ്യോത്തരസമയം അഴിമതിയാരോപണങ്ങളുന്നയിക്കാനുള്ള സമയമല്ല. ആരോപണങ്ങളുന്നയിക്കാൻ വേറെ സമയമുണ്ടു്. ആ സമയത്തല്ലാതെ ചോദ്യോത്തരസമയത്തു് ഇങ്ങനെ ആരോപണങ്ങളുന്നയിക്കുന്നതു തെറ്റാണു്, അതു തടയണം.

ശ്രീ. കെ. കരുണാകരൻ: സർ, സഭയിൽ എന്തെങ്കിലും പ്രകോപനപരമായ കാര്യമുണ്ടായാൽ അതെല്ലാം ബഹുമാനപ്പെട്ട തൊഴിൽ കാര്യമന്ത്രി ഏറ്റുപിടിക്കുകയാണു്. അതുകൊണ്ടു് അദ്ദേഹത്തെ വിദഗ്ദ്ധനായ ഒരു ഡോക്ടറെക്കൊണ്ടു് പരിശോധിപ്പിക്കേണ്ടതാണു്.

(ഭരണകക്ഷിയിൽനിന്നും ശ്രീ സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. സി. കെ. ബാലകൃഷ്ണൻ, ശ്രീ പി. ഗംഗാധരൻ, ശ്രീ എ. വി. ആര്യൻ, ശ്രീ പി. കുഞ്ഞൻ ശ്രീ പി. പി. കൃഷ്ണൻ തുടങ്ങിയവർ എഴുന്നേറ്റു നിന്നു് സർ, സർ, എന്നു വിളിച്ചുകൊണ്ടിരുന്നു. വലിയ ബഹളമായി).

ശ്രീ മത്തായിമാഞ്ഞൂരാൻ: സർ, ഇങ്ങനെ ചിത്തഭ്രമം പിടിച്ചവരെപ്പോലെ പറയുന്നതു് ശരിയാണോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദുകോയ): ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ പറഞ്ഞതെല്ലാം പിൻവലിക്കണമെന്നു പറഞ്ഞതോടുകൂടി ഈ അദ്ധ്യായം അവസാനിപ്പിക്കേണ്ടതായിരുന്നു. ഇതു് ഇങ്ങനെ തുടർന്നുപോയാൽ അവസാനം പിൻവലിക്കേണ്ടതിന്റെ സംഖ്യ കൂടുകയേയുള്ളു.

ശ്രീ ടി. കെ. രാമകൃഷ്ണൻ: സർ, സ്പീക്കർ റൂളിംഗ് നൽകിയതിനുശേഷം ശ്രീമാൻ കരുണാകരനെപ്പോലുള്ള ആളുകൾ എഴുന്നേറ്റുനിന്നു് ഇങ്ങനെ സംസാരിക്കുന്നതു ശരിയല്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് അനുസരിച്ചുള്ള നടപടി ആദ്യം നടത്തുകയും അതുകഴിഞ്ഞു് ശ്രീമാൻ കരുണാകരൻ പറഞ്ഞ വാക്കുകൾ പിൻവലിക്കുകയും ചെയ്യണം.

മി. സ്പീക്കർ: ഇതു് വളരെ ഖേദകരമായിപ്പോയി. മറ്റൊരു സാഹചര്യത്തിലാണെങ്കിൽ ഒരു നേരമ്പോക്കു് എന്നു് പറയാമായിരുന്ന ഒരു കാര്യം ഈ സന്ദർഭത്തിൽ പറഞ്ഞതു് തെറ്റായിപ്പോയി ശ്രീമാൻ കരുണാകരൻ അതു പിൻവലിക്കണം. അതിനു യാതൊരു സംശയവുമില്ല. റൂളിംഗ് അനുസരിച്ചു് ബഹുമാനപ്പെട്ട മന്ത്രി ആദ്യം പിൻവലിക്കണം.

ശ്രീ ഇ. അഹമ്മദ്: സർ, മാനേജ്മെന്റ് പണം..............

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ഞാൻ ചോദിച്ചതു് ഇൻഡ്യാഗവർമ്മെന്റിന്റെയും സ്റ്റേററു് ഗവർമ്മെന്റിന്റെയും സാമ്പത്തികസഹായത്തോടുകൂടി നടത്തുന്ന ഒരു സ്ഥാപനത്തിൽ അർഹരായകുട്ടികൾക്കു് അഡ്മിഷൻകൊടുക്കാതിരിക്കുകയും അനർഹരായവർക്കു് അഡ്മിഷൻകൊടുക്കുകയും ചെയ്യുന്ന രീതി എത്രനാൾ നിലനിൽക്കും, അതു ശരിയായരീതിയിൽ നടത്താൻ ഗവൺമെന്റിനു് ശ്രമിച്ചുകൂടേ എന്നാണു്. അതിനു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു എന്താണു് സർ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ഞാൻ നിരുത്തരവാദപരമായിട്ടാണു് പറഞ്ഞതെന്നാണു്: സർ, അതിനു് യാതൊരു പ്രസക്തിയുമില്ല. എന്റെ വിവേകമനുസരിച്ചു ഞാൻ ചോദിച്ചു, അദ്ദേഹത്തിന്റെ വിവേകമനുസരിച്ചു് അദ്ദേഹം പറഞ്ഞു. അതുകൊണ്ടു് അങ്ങയുടെ നിർദ്ദേശപ്രകാരം ഞാൻ പറഞ്ഞതെല്ലാം പിൻവലിക്കാൻ ഞാൻ തയ്യാറാണു്.

ശ്രീ. എ. വി ആര്യൻ: സർ, റൂളിംഗ് നൽകികഴിഞ്ഞിട്ടും എഴുന്നേററുനിന്നുകൊണ്ടു് വീണ്ടും ഇതേപ്പററി സംസാരിക്കാൻ അവകാശമുണ്ടോ?

മി. സ്പീക്കർ: ഇവിടെ പലതും പറഞ്ഞു. പറയേണ്ടാത്തതു പലതും പറഞ്ഞു. I think here must be some solution for all this.

Shri C. B. Chandrasekhara Warrier: The allegation was against the Minister personally.

ശ്രീമതി കെ. ആർ. ഗൗരി: സർ, നടന്നതു് ഇതാണു്, ചോദ്യം ചോദിച്ചു കഴിഞ്ഞപ്പോൾ, അഡ്മിഷനെക്കുറിച്ചു് എന്തൊക്കെ നടപടികളാണു് സ്വീകരിച്ചിട്ടുള്ളതു് എന്നുള്ള വിവരം മെമ്പർക്കു ഇല്ലെന്നു പറഞ്ഞു. അപ്പോൾ കൈക്കൂലി വാങ്ങുന്നതിനുവേണ്ടിയുള്ള ഉപാധിയാണെന്നും നിരുത്തരവാദമെന്നുമൊക്കെ പറഞ്ഞു. ഏതായാലും ചോദ്യോത്തരസമയം ആരോപണങ്ങൾക്കുള്ള സമയമായിട്ടു് ഉപയോഗിക്കാറില്ല. അതു് രണ്ടുകൂട്ടരും പിൻവലിക്കേണ്ടതാണു്.

മി. സ്പീക്കർ: അതാണു് എന്റെ അഭ്യർത്ഥന.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ബഹുമാനപ്പെട്ട മന്ത്രി പിൻവലിച്ചാലും ഇല്ലെങ്കിലും ആത്മവിശ്വാസം വച്ചുകൊണ്ടു്, ചോദ്യം ചോദിക്കുമ്പോൾ മന്ത്രിമാർ മെമ്പർക്കു് അർഹതപ്പെട്ട ഉത്തരമല്ല നൽകുന്നതു്, അതിൽ പ്രയാസമുണ്ടു്. ഈ സംഭവങ്ങൾ എല്ലാം തുടങ്ങിവച്ചതു് ബഹുമാനപ്പെട്ട മന്ത്രിയാണു്. ഇങ്ങനെയൊരു സംഭവമുണ്ടായതിൽ ഞാൻ ഖേദിക്കുന്നു. അങ്ങയുടെ നിർദ്ദേശപ്രകാരം ഞാൻ പറഞ്ഞതു് പിൻവലിക്കുന്നു.

ശ്രീ. ബി. വെല്ലിംഗ്ടൺ: ഞാൻ കൈക്കൂലി വാങ്ങിയെന്നു പറഞ്ഞതുകൊണ്ടു് ക്ഷോഭം ഉണ്ടായതിനാലാണു ഇങ്ങനെയൊക്കെ പറയാനിടയായതു്. അതിൽ ഞാൻ ഖേദിക്കുന്നു. ഞാൻ പറഞ്ഞിട്ടുള്ളതു് പിൻവലിക്കുന്നു. സർ, ഞാൻ ചോദ്യത്തിനു മറുപടി പറഞ്ഞുതീർന്നിട്ടില്ല.

മി. സ്പീക്കർ: മറുപടി പറയട്ടെ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. കരുണാകരൻ പറഞ്ഞതും പിൻവലിക്കേണ്ടതാണു്.

ശ്രീ. മത്തായിമാഞ്ഞൂരാൻ: ശ്രീ. കരുണാകരൻ പിൻവലിച്ചില്ലെങ്കിലും തരക്കേടില്ല. പിൻവലിച്ചതുകൊണ്ടു് പ്രയോജനവും ഇല്ല.

ശ്രീ ബി. വെല്ലിംഗ്ടൺ: ആലപ്പുഴ മെഡിക്കൽകാളേജിന്റെ കാര്യത്തിൽ വളരെയധികം പരാമർശങ്ങൾ ഉണ്ടായിട്ടുണ്ടു്. ഗവൺമെന്റു് ഏറെറടുത്തുവെങ്കിലും മാനേജുമെന്റു് സ്വീകരിച്ചിരുന്ന വ്യവസ്ഥയാണു് ഇപ്പോഴുമുള്ളതു്. അതനുസരിച്ചാണു്

ഒരു കുട്ടിയെ അഡ്മിററു ചെയ്യുമ്പോഴം 7500 രൂപ വാങ്ങുന്നതു്. മന്ത്രി ഒററയ്ക്കു ചെയ്യുതല്ല. ഇതു് വാങ്ങിയതു് ഗവണ്മെൻറാണു്. മാനേജുമെൻറിൽ അഡ്വാൻസ് ബുക്കിംഗ് നടത്തിയവർ ഉണ്ടായിരുന്നു. അവർക്കു് പ്രവേശനം നൽകാനുള്ള ബാദ്ധ്യത ഗവണ്മെൻറിനു് ഉണ്ടു്. പണം കൊടുക്കുവാൻ തയ്യാറായവരിൽനിന്നു് മെറിററു് നോക്കിയാണു് എടുത്തതു്. അതുകൊണ്ടു് അർഹരായ ഒരു വിദ്യാർത്ഥിക്കു പോലും അഡ്മിഷൻ കൊടുക്കാതെ ഇരുന്നിട്ടില്ല. അഞ്ചു ശതമാനം മാർക്കു് റിലാക്സേഷൻ നൽകാൻ യൂണിവേഴ്സിററി തയ്യാറായതുകൊണ്ടാണു് റിസർവ്വു് ചെയ്തിരുന്നവരെ അഡ്മിററു ചെയ്തതു്. ബാക്കിയുള്ളതു് മെറിററു് അനുസരിച്ചാണു് സെലക്ഷൻ നടത്തിയതു്. അതേപ്പററി നല്ലതുപോലെ പഠിക്കാൻ തയ്യാറാകാത്തതുകൊണ്ടാണു് ഈ തെററിദ്ധാരണകഠം ഉണ്ടായതു്. അർഹരായ വിദ്യാർത്ഥികഠംക്കു് പ്രവേശനം കിട്ടാതെ വരാറില്ല.

ശ്രീ. ബേബിജോൺ: ആലപ്പുഴ മെഡിക്കൽ കോളേജിലെ അഡ്മിഷനെ സംബന്ധിച്ചു് വളരെയധികം പരാതികഠം വന്നിരിക്കുന്നതു് പലരും അതു സംബന്ധിച്ചു് പൂർണ്ണമായി മനസ്സിലാക്കാത്തതുകൊണ്ടാണെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇങ്ങനെയുള്ള പരാതികഠം ഉണ്ടായസ്ഥിതിക്കു് ഈ അഡ്മിഷനെ സംബന്ധിച്ചു് ഒരു അന്വേഷണം നടത്തുന്നതിനു് ഒരു കമ്മററിയെ നിയോഗിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഒരൊററ കുട്ടിയിൽനിന്നും ഇങ്ങനെയൊരു പരാതി ഉണ്ടായിട്ടില്ല. അതു മാത്രമല്ല കാര്യം മനസ്സിലായാലും മനസ്സിലായില്ലെന്നു ഭാവിക്കും. അതുകൊണ്ടു് ഒരു അന്വേഷണത്തിൻെറ ആവശ്യമില്ല.

ശ്രീ. ടി. എ. മജീദ്: മുൻസ്വകാര്യമാനേജുമെൻറിൻെറ കാലത്തു് ആരെല്ലാം ക്യാപ്പിറേറഷൻ ഫീ കൊടുത്തിട്ടുണ്ടു് എന്നതിൻെറ രേഖാമൂലമായ വിവരം സ്പെഷ്യലാഫീസർ തിട്ടപ്പെടുത്തിയ ശേഷമല്ലെ ഗവണ്മെൻറു് കോളേജുഭരണം ഏറെറടുത്തതു്. അതിൽപിന്നെ പണം നൽകിയവരെന്നു് വാക്കാൽ പറഞ്ഞവരുടെ ഒരു ലിസ്റ്റു കൂടി ഉണ്ടായിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: മൂന്നുതരത്തിലാണു് പണമടച്ചവരോടുള്ള കമ്മിററുമെൻറുള്ളതു്. രേഖാമൂലം, ഓറൽ, മോറൽ എന്നിങ്ങനെ മൂന്നുതരമാണു് കമ്മിററുമെൻറു്. ഈ കമ്മിററുമെൻറുകളെക്കുറിച്ചു് അന്വേഷിക്കാൻ അന്നുതന്നെ ഒരു ഐ. എ. എസ്. ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടും ഉണ്ടായിരുന്നു.

ശ്രീ. കെ. കരുണാകരൻ: ഓറൽ കമ്മിററുമെൻറു് സ്വീകരിക്കുവാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ച സാഹചര്യം എന്തായിരുന്നു? ഓറൽ കമ്മിററുമെൻറു് എന്തുകൊണ്ടു് നിരസിച്ചില്ല.

ശ്രീ. ബി. വെല്ലിംഗ്ടൺ: കമ്മിററുമെൻറുകളെക്കുറിച്ചു് അന്വേഷിക്കുവാൻ നിയോഗിച്ചിരുന്ന ഐ. എ. എസ്. ഉദ്യോഗസ്ഥൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുള്ള ലിസ്റ്റാണു് ഗവണ്മെൻറു് അംഗീകരിച്ചതു്. അതിനുശേഷം വന്ന ആരുടേയും കാര്യം അംഗീകരിച്ചിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: ആക്ഷേപമുള്ളതുകൊണ്ടാണല്ലൊ പലരും ഹൈക്കോടതിയിൽ റിട്ടിനു പോയതു്. ആ നിലയ്ക്കു ഒരു അന്വേഷണം നടത്തുവാൻ ഗവണ്മെൻറു് തയ്യാറാകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: റിട്ടിൻെറ അടിസ്ഥാനം വേറെയാണു്.

ശ്രീ. ബി. മാധവൻനായർ: തിരുമല മെഡിക്കൽ കോളേജിൽ അപേക്ഷിക്കുന്നതിനുള്ള ഫാറവും പ്രോസ്പെക്ടസും വിതരണം ചെയ്യണമെങ്കിൽ സെക്രട്ടേറിയററിൽനിന്നു് മന്ത്രിയോ ബന്ധപ്പെട്ട ആളുകളോ വിളിച്ചുപറയണമെന്നുള്ള ഒരു നില

യുണ്ടെന്നു പല രക്ഷാകർത്താക്കളും വിദ്യാർത്ഥികളും പറഞ്ഞതായി അറിയുന്നു. അതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: സർബഹുമാനപ്പെട്ട മെമ്പർക്കു് ഈ ധാരണ എവിടെനിന്നു് കിട്ടിയെന്നറിഞ്ഞുകൂടാ. യൂണിവേഴ്സിററിയിൽനിന്നും ഇതുവരെയും പ്രവേശനത്തിനു് സാംഗ്ഷൻ നൽകിക്കഴിഞ്ഞിട്ടില്ല. അതാണു് ഫോറം കൊടുക്കാത്തതു്. ബഹുമാനപ്പെട്ട മെമ്പർ എന്റെയടുത്തുവന്നു് ചില കാര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു് പറഞ്ഞിരുന്നു. അതു സാദ്ധ്യമല്ലെന്നും മേലാൽ ഇത്തരം കാര്യങ്ങൾക്കു എന്റെ അടുത്തു വരരുതെന്നും ഞാൻ പറഞ്ഞു. അതുകൊണ്ടുള്ള വിരോധമാണു് ഇതെല്ലാം പറയുന്നതിനു് മെമ്പറെ പ്രേരിപ്പിച്ചതു്. അടിസ്ഥാനരഹിതമായ കാര്യങ്ങൾ കെട്ടിച്ചമച്ചു് പറയാൻ ഇത്ര വിരുതുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല.

മി. സ്പീക്കർ: വ്യക്തിപരമായി ദുഃസൂചനയോടുകൂടിയ പരാമർശങ്ങൾ നടത്തുവാൻ പാടില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരാളെമാത്രം പറയുന്നതു ശരിയല്ല; ഇരുവശത്തേക്കും ഒരുപോലെ ബാധകമായിരിക്കണം.

ശ്രീ. ബി. വെല്ലിംഗ്ടൺ: എന്റെ ആഫീസിൽനിന്നും വിളിച്ചുപറഞ്ഞു എന്നു പറയുന്നതു ശരിയല്ല, സർ, അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ഇതു് വ്യാജമായ പ്രസ്താവനയാണു്.

ശ്രീ. ബി. മാധവൻനായർ: ഒരു അഡ്മിഷന്റെ കാര്യത്തിലും ഈ മന്ത്രിയെ ഇത്രയും കാലമായിട്ടു് ഞാൻ പോയി കണ്ടിട്ടും ഇല്ല, ശുപാർശ ചെയ്തിട്ടും ഇല്ല. വിദ്യാർത്ഥികൾ പറഞ്ഞതു് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാണു് ചോദിച്ചതു്. അല്ലാതെ മറെറാരു കാര്യത്തിനുവേണ്ടി ഈ മന്ത്രിയുടെ മുറിയിൽ ഞാൻ പോയിട്ടില്ല.

മി. സ്പീക്കർ: ഇതൊക്കെ വളരെ ഖേദകരമായിപ്പോയി. ബഹുമാനപ്പെട്ട മെമ്പർമാർ പലപ്പോഴും നിരുത്തരവാദപരമെന്നു ഞാൻ പറയുന്നില്ല, വല്ലതുമൊക്കെ സംസാരിച്ചുപോയാൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രിമാർ കുറച്ചുകൂടി ക്ഷമ കാണിക്കണം. ഈ മാതിരിയുള്ള ഗുരുതരമായ ആരോപണങ്ങൾ സംസാരിച്ചുവരുമ്പോൾ കുറച്ചു ഉഷ്ണം ഉണ്ടായിപ്പോകും. ഇന്നലെ തുടങ്ങിയതാണു് ഈ പ്രവണത. ഈ മാതിരിയുള്ള സംഭവങ്ങൾ ഞാൻ വെറുതെ വീക്ഷിച്ചിരിക്കുകയാണെന്നു് ധരിക്കരുതു്, എന്റെ ആരോഗ്യത്തെ വരെ ബാധിക്കുന്നുണ്ടു്. സഭയിലെ ഈ നില ഒഴിവാക്കുന്നതിനു് എന്തു ചെയ്യണമെന്നു് ഞാൻ ആലോചിക്കുകയാണു്. ബഹുമാനപ്പെട്ട പാർട്ടി നേതാക്കന്മാരെ വിളിച്ചു് ഇക്കാര്യം ചർച്ചചെയ്യുവാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. എൻ. കെ. ശേഷൻ: സർ, ഒരു സബ്മിഷൻ ഉണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: സർ, സ്പീക്കർ റൂൾചെയ്തുകഴിഞ്ഞിട്ടു് പിന്നെയും വിശദീകരണം ഉണ്ടെന്നു പറഞ്ഞാൽ അതു് അനുവദിക്കരുതെന്നപേക്ഷിക്കുന്നു.

മി. സ്പീക്കർ: നിയമസഭയിൽ ഈ ഭാഗത്തിരിക്കുന്ന മന്ത്രിമാരും കക്ഷികളും പ്രതിപക്ഷത്തിരുന്നിട്ടുണ്ടു്, പ്രതിപക്ഷത്തിരുന്നവർ ഭരണകക്ഷിയായിട്ടും ഇരുന്നിട്ടുണ്ടു്. റവന്യൂമന്ത്രി പറയുന്നതുപോലെ കർശനമായിട്ടു് നിയന്ത്രിക്കാൻ അറിയാൻ പാടില്ലാത്തതുകൊണ്ടല്ല, അങ്ങനെയുള്ള സാഹചര്യം ഉണ്ടാകുമ്പോൾ കർശനമായി നിയന്ത്രിക്കേണ്ടതുണ്ടു്. എല്ലാവരും സഹകരിച്ചു് കാര്യങ്ങൾ ശരിയാക്കുകയാണു് വേണ്ടതു്. റവന്യൂമന്ത്രിയുടെ നിർദ്ദേശം വളരെയേറെ പാലിക്കേണ്ടതുണ്ടു്. പ്രത്യേകിച്ചും ഈ നിയമസഭയുടെ അന്തസ്സിനെ ബാധിക്കുന്ന കാര്യമാണു്.